## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3243 | 13.03.2017-ൽ മറുപടിയ്ക്ക് |
|---|---|
| ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ് തുടങ്ങിയവയുടെ നിരോധനം | |
| ചോദ്യം | ഉത്തരം |
| ശ്രീ.വി. അബ്ദുറഹിമാൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ് തുടങ്ങിയവ നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ളതാണ് നിരോധിച്ചിട്ടുള്ളത്; | (എ) | ഇല്ല |
| (ബി) | എത്ര മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഗ്ലാസ്സ്, കവർ തുടങ്ങിയവയാണ് നിരോധിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്ത് 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകളും ക്യാരിബാഗുകളുമാണ് നിരോധിച്ചിട്ടുള്ളത്. |
| (സി) | ഇത്തരം പേപ്പർ കപ്പ് ഉല്പന്നങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് അനുവദിക്കുന്നുണ്ടോ; | (സി) | പേപ്പർ കപ്പ് ഉല്പന്നങ്ങൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റ് നടത്തുന്നതിനും മെഷിനറി സംബന്ധിച്ച് പ്രവർത്തിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഡി & ഒ ലൈസൻസ് അനുവദിക്കുന്നുണ്ട്. |
| (ഡി) | ഇത്തരം നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് വ്യവസ്ഥ ചെയ്യുന്നത്; | (ഡി) | കേന്ദ്ര പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 നെ അടിസ്ഥാനപ്പെടുത്തി ബൈലാകൾ രൂപീകരിച്ച് അതാത് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ നടപടി സ്വീകരിക്കണം. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. |
| (ഇ) | നിലവിൽ ഇത്തരം എത്ര കേസ്സുകളാണ് സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇത്തരം കേസ്സുകളിൽ പിഴ ചുമത്തുകയോ മറ്റ് ശിക്ഷാ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? | (ഇ) | സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ഇത്തരത്തിൽ 36 കേസുകളിൽ പിഴചുമത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ